**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5259** **21-03-2025 - ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഉന്നത പഠന സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ടെക്നിക്കൽ ഹൈസ്കൂളിൽ പഠിക്കുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിനു പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ടെക്നിക്കൽ ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ടെക്നിക്കൽ ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പിന്നീട് പരിഗണിക്കാവുന്നതാണ്. |
| (സി) | ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പഠനാവസരം ലഭിക്കുന്ന രീതിയിലുള്ള കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ ആരംഭിക്കുന്ന പുതിയ കോഴ്സുകളിലേക്ക് നിലവിലെ രീതി പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ആയതിനാൽ ടെക്നിക്കൽ ഹൈസ്കൂൾ യോഗ്യത നേടുന്നവർക്ക് മാത്രമായി ഉന്നത പഠനത്തിന് കോഴ്സുകൾ ആരംഭിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ